# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025- 26
## ഗവൺമെൻറ് വി.എച്ച്.എസ് ആൻഡ് എച്ച്. എസ്. ഫോർ ഗേൾസ് കൊട്ടാരക്കര

**സ്കൂൾ വിവരങ്ങൾ**

**ജില്ല** - **കൊല്ലം**
**സ്കൂൾ കോഡ്** - **39018**
**സ്കൂളിന്റെ പേര്** - **ഗവൺമെൻറ് വിഎച്ച്എസ് ആൻഡ് എച്ച് എസ് ഫോർ ഗേൾസ്**
**മേൽ വിലാസം** - **കൊട്ടരക്കര p.o,കൊല്ലം**
**പിൻകോഡ്** - **691506**
**ഫോൺ** - **9446108235**
**ഇ മെയിൽ** - **gghsktra@rediffmail.com**
**മുനിസിപ്പാലിറ്റി** - **കൊട്ടാരക്കര**
**വിദ്യാഭ്യാസ ജില്ല** - **കൊട്ടാരക്കര**
**സബ് ജില്ല** - **കൊട്ടാരക്കര**
**ക്ലാസ്സുകൾ** - **8-12**

**മാനേജ്മെന്റ്** - **ഗവൺമെൻറ്**

**പഠനമാധ്യമം** - **മലയാളം / ഇംഗ്ലീഷ്**

### ആമുഖം

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ ഹൃദയഭാഗത്ത് നിലകൊള്ളുന്ന സരസ്വതി ക്ഷേത്രമാണ് ഗവൺമെൻറ് വി എച്ച് എസ് ആൻഡ് എച്ച് എസ് ഫോർ ഗേൾസ്. ഏകദേശം 200 വർഷത്തോളം പഴക്കമുള്ള ഒരുപാട് തലമുറകൾക്ക് അക്ഷരാമൃതം പകർന്ന നാടിൻറെ സാംസ്കാരിക മേഖലയിൽ സുവർണ്ണ ശോഭയോടെ നിലകൊള്ളുന്ന, ആയിരക്കണക്കിന് വിദ്യാർത്ഥികൾ പഠിച്ചിറങ്ങിയ ഈ വിദ്യാഭ്യാസ കേന്ദ്രം ഇന്ന് എല്ലാ പ്രതാപങ്ങളും നഷ്ടപ്പെട്ട് 8 ,9 ,10 ക്ലാസുകളിൽ നാമ മാത്രം കുട്ടികളുമായി നിലകൊള്ളുന്നു .ഈ സ്കൂളിൻറെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് പുതുമയാർന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടിയാണ് ഈ മാസത്തെ പ്ലാൻ തയ്യാറാക്കുന്നത്.

### നേട്ടങ്ങൾ

അക്കാദമിക രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ജൂൺ ആദ്യവാരം മുതൽ പല പുതിയ പ്രവർത്തനങ്ങളും ക്ലാസ് തലത്തിൽ നടപ്പിലാക്കി വരുന്നു. മുൻ വർഷങ്ങളിലെ എടുത്തു പറയത്തക്ക നേട്ടങ്ങൾ 100% വിജയം ,എൻഎംഎംഎസ് സ്കോളർഷിപ്പിലെ മികച്ച വിജയം, രണ്ടു കുട്ടികൾ ഗിഫ്റ്റഡ് ആയി തിരഞ്ഞെടുക്കപ്പെട്ടത് എന്നിവ

എടുത്തു പറയേണ്ട കാര്യമാണ്. അതുപോലെ വിവിധ മേളകളിലും ,കലോത്സവത്തിലും, സബ് ജില്ലയിലും ജില്ലയിലും കുട്ടികൾ പങ്കെടുത്ത് സമ്മാനം നേടിയിട്ടുണ്ട്. പഠനത്തോടൊപ്പം സേവനമനോഭാവം വളർത്താൻ ഉതകുന്ന സന്നദ്ധ സംഘടനകൾ ഒന്നും തന്നെ സ്കൂളിൽ നിലവിലില്ല. ശ്രദ്ധ ,റെമഡിയിൽ ടീച്ചിംഗ്, എസ്.എസ്.എൽ.സി എ പ്ലസ് ക്ലാസുകൾ എന്നിവ യഥാക്രമം സ്കൂൾ ആരംഭത്തിൽ തന്നെ എല്ലാ ദിവസവും വൈകുന്നേരം നാലു മുതൽ അഞ്ചു വരെ നടന്നുവരുന്നു.

## <u>സാമൂഹികം</u>

സാമൂഹിക നന്മ ലക്ഷ്യമാക്കിയിട്ടുള്ള എല്ലാ പ്രവർത്തനങ്ങളിലും ഈ സ്കൂൾ പങ്കാളിയാകുന്നുണ്ട്; മാത്രമല്ല ദിനാചരണങ്ങൾ, വിവിധ ക്ലബ്ബുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ സ്കൂളിനെ സാമൂഹികമായി ബന്ധിപ്പിക്കുന്നു.

## <u>അക്കാദമിക മികവിനായി പങ്കെടുക്കേണ്ട പ്രവർത്തനങ്ങൾ വികസന ലക്ഷ്യങ്ങൾ</u>

1.ഭിന്നശേഷി വികസനം
2.ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
3.വായനശേഷി വർദ്ധിപ്പിക്കൽ
4.ശാസ്ത്രപോഷണ പരിപാടി
5. ലാബ് നവീകരണം
6.ലൈബ്രറി ശാക്തീകരണം
7.സ്കോളർഷിപ്പ് പരിശീലനം
8.അധ്യാപക ശാക്തീകരണം-സ്കൂൾ എസ്. ആർ .ജി തലം
9. പ്രവർത്തി പരിചയ പരിശീലനം
10.പച്ചക്കറിത്തോട്ടം
11.ഭാഷാ ലാബ്
12.സ്കൂൾ ബ്ലോഗ്
13.ക്ലാസ് പി.റ്റി.എ കാര്യക്ഷമമാക്കൽ
14.ലഘുഭക്ഷണം- കാര്യക്ഷമമാക്കി പഠനം സജ്ജമാക്കൽ
15.ദിനാചരണങ്ങൾ കാര്യക്ഷമമാക്കൽ
16. ഐ.ടി, കലാപഠനം, കായികശേഷി വികസനം

## <u>പരിമിതികൾ</u>

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിനായി സ്കൂളിലെ മുഴുവൻ കുട്ടികൾക്കും മികച്ച വിജയം നേടാനുള്ള ശ്രമത്തിലാണ് അധ്യാപകർ.

പക്ഷേ ഇംഗ്ലീഷ് ,ബയോളജി വിഷയങ്ങൾ പഠിപ്പിക്കാൻ അധ്യാപകർ ഇല്ല എന്നത് ഒരു പോരായ്മയാണ് .മിക്സഡ് സ്കൂളിന്റെ അഭാവമാണ് കുട്ടികൾ സ്കൂളിലേക്ക് വരാൻ മടിക്കുന്നതിന്റെ പ്രധാന കാരണം. ഭൗതികസാഹചര്യ വികസനവും അപര്യാപ്തമാണ്. ഗണിത ലാബ്, സാമൂഹ്യ ശാസ്ത്രലാബ് എന്നിവയുടെ അഭാവത്തിൽ കുട്ടികൾക്ക് പ്രവർത്തിച്ച് പഠിക്കാനോ, അന്വേഷണാത്മകമായ രീതിയിൽ പഠിക്കാനോ സാധിക്കുന്നില്ല എന്നുള്ളതും പരിമിതിയാണ്. അധ്യാപകരുടെ പിന്തുണയോടെ കൂടിയാണ് കുട്ടികളുടെ നൂൺമീൽ ഉൾപ്പെടെയുള്ള അക്കാദമിക പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

**<u>ഭൗതികം</u>**

**നേട്ടങ്ങൾ /പരിമിതികൾ**

രണ്ടു നില ബിൽഡിങ്ങിൽ ആയി ആകെ 9 റൂമുകളാണ് ഉള്ളത്. ഇതിൽ ഓഫീസ്, ലാബ് ,ലൈബ്രറി,ക്ലാസ്സ് റൂമുകൾ എന്നിവ നിലകൊള്ളുന്നു. മഴക്കാലമായാൽ മേൽക്കൂര ചോർച്ചയും ഭിത്തികളിൽ ഈർപ്പം പിടിക്കുകയും ലാബുകളിൽ വെള്ളക്കെട്ട് കാരണം കുട്ടികളുടെ പഠനത്തെ ഏറെ ബാധിക്കുന്നു .ഇലക്ട്രിക് ഉപകരണങ്ങളിൽ ഈർപ്പം പറ്റുന്നതിനാൽ ഷോക്ക് അടിക്കുന്നു. പല ഉപകരണങ്ങൾക്കും കേടുപാട് സംഭവിച്ചിട്ടുണ്ട്.നഗരസഭാ അധികാരികൾക്ക് നിരവധി തവണ റൂഫിങ്ങിന് കത്ത് കൊടുക്കുകയും സ്ഥലം എംഎൽഎ കൂടിയായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഫലം ഉണ്ടായില്ല .സ്കൂൾ കലോത്സവം, ദിനാചരണങ്ങൾ, വാർഷികം എന്നിങ്ങനെയുള്ള പരിപാടികൾ നടപ്പിലാക്കണമെങ്കിൽ എല്ലാ കുട്ടികൾക്കും ഇരുന്നു കാണാൻ സൗകര്യം ഉള്ള ഒരു ഓപ്പണർ ഓഡിറ്റോറിയം ഒരു ചിരകാല അഭിലാഷമാണ്. ഈ അധ്യയനവർഷത്തിൽ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമായി

നടപ്പിലാക്കുന്നതിന്റെ ഫലമായി സ്കൂൾതലത്തിൽ കൃത്യമായ പദ്ധതികൾ ആസൂത്രണം ചെയ്യിട്ടുണ്ട്. ഒരു ദിവസം ഒരു മണിക്കൂർ ഈ പ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിക്കാൻ തീരുമാനിച്ചു. ഇതിനു വേണ്ടിയുള്ള മോഡ്യൂൾ അനുസരിച്ച് ക്ലാസുകൾ ജൂൺ 2 മുതൽ 13 വരെ ക്രമീകരിക്കാൻ തീരുമാനിച്ചു. പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യാനും തീരുമാനിച്ചു.

1.മയക്കുമരുന്ന്/ലഹരി ഉപയോഗത്തിനെതിരെ
2.റോഡ് ഗതാഗതം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
3.വ്യക്തിശുചിത്വം,പരിസരശുചിത്വം,ഹരിതക്യാമ്പസ്,സ്കൂൾ സൗന്ദര്യവൽക്കരണം
4.ഡിജിറ്റൽ അച്ചടക്കം
5.പൊതുമുതൽസംരക്ഷണം
5.പരസ്പര സഹകരണത്തിന്റെ പ്രാധാന്യം

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**<u>മലയാളം</u>**

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുള്ള ശേഷി നേടിയെടുക്കൽ, ഭാഷാപരമായപിന്നോക്കാവസ്ഥപരിഹരിക്കൽ | 1) അക്ഷരം ഉറപ്പിക്കൽ<br>2)ചിഹ്നംഉറപ്പിക്കൽ<br>3)പദനിർമ്മാണം<br>4)വാക്യനിർമ്മാണം<br>5)ഭാഷാപരമായി പിന്നോട്ട് നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ് | ആറുമാസം | മലയാളം ടീച്ചർ | P.T.A |

| | | | | |
|---|---|---|---|---|
| 2)എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക ക്ലാസ് അക്കാദമിക വർഷം മലയാളം ടീച്ചർ പിടിഎ | 1.ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>2.ലൈബ്രറി നവീകരിക്കൽ 3.പുതിയ പാഠപുസ്തകങ്ങൾക്ക് അനുയോജ്യമായ പുസ്തകങ്ങൾ ലഭ്യമാക്കൽ<br>4.ലൈബ്രറിപരിഷ്കരണം<br>5.വായനോത്സവം<br>6.പത്രവായന | അക്കാദമിക വർഷം | മലയാളം ടീച്ചർ | P.T.A |

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3.പത്രവായന പരിപോഷിപ്പിക്കുക | പത്രവായന- ഓരോ ക്ലാസിനും ഓരോ പത്രം<br>രാവിലെ പ്രധാന വാർത്തകളുടെ അവതരണം | അക്കാദമിക വർഷം<br><br>ദിവസേന | മലയാളം ടീച്ചർ | P.T.A |
| 4.സർഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ<br>സാഹിത്യക്വിസ്<br>സാഹിത്യകാരനുമായി സംവദിക്കൽ | മാസത്തൽ ഒരു തവണ<br><br>വർഷത്തിലൊരുതവണ | മലയാളം ടീച്ചർ | P.T.A |
| 5.വിവിധശേഷികളുടെ വികസനം | ജൂൺമുതൽ മാർച്ച് വരെയുള്ള പ്രധാന | അക്കാദമിക വർഷം | മലയാളം ടീച്ചർ | P.T.A |

| | | | | |
|---|---|---|---|---|
| | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (പോസ്റ്റർ കൊളാഷ് നിർമ്മാണം, എഡിറ്റോറിയൽ നിർമ്മാണം) സംഘടിപ്പിക്കുക | | | |

## <u>വിഷയം: ഹിന്ദി</u>

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ദോഹ പരിചയം<br><br>ആത്മകഥ, ജീവനിതയ്യാറാക്കൽ<br><br>ലേഖനങ്ങൾ തയ്യാറാക്കൽ | ഹിന്ദിയിലെ പ്രാചീന കവികളുടെ ദോഹ പരിചയപ്പെടുത്തുന്നു. ദോഹയുടെവിശേഷതകൾ അർത്ഥം എന്നിവ പഠിപ്പിക്കുന്നു.ദോഹകളുടെശേഖരണം കുട്ടികളെകൊണ്ട് ചെയ്യിക്കുന്നു<br><br>ആത്മകഥ ജീവചരിത്രം എന്നിവ കുട്ടികളെ പരിചയപ്പെടുത്തി വ്യത്യാസം മനസ്സിലാക്കിക്കുന്നു .<br><br>ലേഖനങ്ങളുടെ മാതൃകാ രൂപഘടന കുട്ടികളെ പരിചയപ്പെടുത്തുന്നു. ലേഖനങ്ങൾ വായിക്കാൻനൽകുന്നു കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. എഴുതിപ്പിക്കുന്നു. തെറ്റുകൾ തിരുത്തുന്നു<br><br>റേഡിയോ, ടിവി, ബസ് | 2ആഴ്ച<br><br>15 ദിവസം<br><br>15 ദിവസം | ഹിന്ദിടീച്ചർ | P.T.A |

| | | | | |
|---|---|---|---|---|
| അനൗൺസ്മെന്റ് തയ്യാറാക്കൽ<br><br>വാക്യങ്ങൾ ക്രമബന്ധമാക്കൽ റോൾപ്ലേ | സ്റ്റേഷൻ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ അനൗൺസ്മെന്റ് കുട്ടികളെ പരിചയപ്പെടുത്തുന്നു എഴുതി തയ്യാറാക്കുന്നു.<br><br>ഒരു ഖണ്ഡിക നൽകുന്നു. ആശയങ്ങൾ ക്രമബന്ധം ആക്കാനുള്ള സംഭവം ബന്ധപ്പെടുത്തി റോൾപ്ലേ നടത്തുന്നു | 15 ദിവസം | ഹിന്ദിടീച്ചർ | P.T.A |

## സോഷ്യൽ സയൻസ്

**ഉപമേഖല - സോഷ്യൽ സയൻസ് - മോക്ക്പാർലമെൻറ്**

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക പ്രചാരണം, മീറ്റ് ദ കാൻഡിഡേറ്റ് ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെൻറ് രൂപീകരണം | വർഷത്തിൽ രണ്ട് തവണ | സോഷ്യൽ സയൻസ് അധ്യാപിക സ്കൂൾ പാർലമെൻറ് ഭാരവാഹികൾ | |

| | | | | |
|---|---|---|---|---|
| | തുടർന്ന് മോക്ക് പാർലമെൻറ് സംഘടിപ്പിക്കൽ | | | |

ഉപമേഖല-സാമൂഹ്യശാസ്ത്രം-ലൈബ്രറി കോർണർ

| | | | |
|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ,അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി,സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ തുടർന്ന്ക്ലാസ് ലൈബ്രറിയിൽ വിതരണം | വർഷത്തിൽ ഒരുതവണ<br>ആഴ്ചയിൽ ഒരുതവണ | സോഷ്യൽ സയൻസ് അധ്യാപിക |

## ഉപമേഖല-സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ്

| | | | |
|---|---|---|---|
| സാമൂഹ്യ ശാസ്ത്ര നൂതന അറിവുകൾ കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ എസ് എസ് കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ | എല്ലാ ദിവസവും<br>ഒരുവർഷം | ssക്ലബ് |

ഉപമേഖല -പഠനയാത്രകൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്രകലകൾ, കോട്ടകൾ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ,ചരിത്ര സ്മാരകങ്ങൾ തുടങ്ങിയിടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 2തവണ | സോഷ്യൽ സയൻസ് അധ്യാപിക | PTA |

| | | | | |
|---|---|---|---|---|
| തുടങ്ങിയവയെ ക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | | | | |

ഉപമേഖല- സംവാദം, സെമിനാർ

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവർ സംഘടിപ്പിക്കൽ | 2മാസത്തിൽ ഒരു തവണ | SRG<br><br>SS CLUB | PTA |

## ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.കൗതുകം, ജിഞ്ജാസ നിരീക്ഷണപാടവം എന്നിവപരിപോഷിപ്പിക്കുക. ശാസ്ത്രാഭിരുചി വളർത്തുക | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുന്നിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്തു കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു .പ്രദർശിപ്പിക്കുന്നു .പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് | അക്കാദമിക വർഷം | സയൻസ് അധ്യാപിക | പിടിഎ |
| | കുട്ടികൾ തയ്യാറാക്കുന്ന ചാർട്ടുകളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപിക | പിടിഎ |
| 2.ശാസ്ത്രത്തിലെ നവീന ആശയങ്ങൾ കുട്ടികളും പൊതുസമൂഹത്തിലും എത്തിക്കുക | ശാസ്ത്ര ലൈബ്രറി സയൻസ് കോർണർ ചാന്ദ്രദിനപതിപ്പ് തയ്യാറാക്കൽ | അക്കാദമിക വർഷം | | |
| 3.പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപിക | പിടിഎ |
| 4.ശാസ്ത്ര പഠനത്തിലൂടെ സമൂഹനന്മയ്ക്ക് പ്രാപ്തരാക്കുക | ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, ആരോഗ്യ ശുചിത്വ | | | ശാസ്ത്ര ക്ലബ് P.T.A |

| | | | | |
|---|---|---|---|---|
| | ശീലങ്ങൾ ,സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് ,ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ<br><br>9 10 ക്ലാസുകളിലെ കുട്ടികൾക്കായി ഓർഗാനിക് എക്സിബിഷൻ<br><br>ആഴ്ചയിൽ ഒരു സയൻസ് പദം എല്ലാ തിങ്കളാഴ്ചയും കുട്ടികളെ പരിചയപ്പെടുത്തുന്നു<br>ദിനാചരണങ്ങൾ | ഫെബ്രുവരി<br><br>അക്കാദമിക വർഷം | | |

**ACADEMIC & NON ACADEMIC ACTIVITIES-MATHS**

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗ്ഗങ്ങൾ , ക്ലാസ് ടെസ്റ്റ്&പരിഹാരബോധനം, തുല്യ | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും )ക്ലാസ് ടെസ്റ്റ്& പരിഹാര ബോധനം, സമവാക്യ | (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാരബോധനം )സമാന്തരശ്രേണികൾ , വൃത്തങ്ങളും കോണുകളും അടിസ്ഥാന ആശയങ്ങൾ, പരിഹാരബോധനം ക്ലാസ് ടെസ്റ്റ് & പരിഹാരബോ | ക്ലബ്ബ് ഉദ്ഘാടനം ജൂൺ 5 -ഗണിത പൂന്തോട്ട നിർമ്മാണം ക്വിസ് ക്വസ്റ്റ്യൻസ്, (once in a week) ജൂൺ 19 പാസ്കൽ ഡേ (ഗണിത ശാസ്ത്ര |

| | | | | |
|---|---|---|---|---|
| | ത്രികോണങ്ങൾ | ജോഡികൾ, പുതിയ സംഖ്യകൾ | ധനം | ജ്ഞരെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക) |
| **JULY** | തുല്യ ത്രികോണങ്ങൾ, വർഗ്ഗ സമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ്& പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ്- ത്രികോണ പരപ്പ്, സമാന്തര വരകൾ, ക്ലാസ് ടെസ്റ്റ്& പരിഹാര ബോധനം | വൃത്തങ്ങളും കോണുകളും, സമാന്തരശ്രേണി യും ബീജഗണിതവും, സാധ്യതകളുടെ ഗണിതം ,ക്ലാസ് ടെസ്റ്റ്& പരിഹാരബോധനം | ഗണിതമേളയുമായി ബന്ധപ്പെട്ട പ്രവർത്തനം |
| **AUGUST** | ബഹുപദങ്ങൾ സമവാക്യ പരിഹാരം , ഒന്നാം പാദവാർഷിക പരീക്ഷ **&PTM** | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം ഒന്നാം പാദവാർഷിക പരീക്ഷ **&PTM** | രണ്ടാം കൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ **&PTM** | ഗണിത ക്വിസ് മത്സരം |
| **SEPTEMBER** | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ്& പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ്യ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ്& പരിഹാര ബോധനം | ത്രികോണമിതി, സൂചകസംഖ്യകൾ , ക്ലാസ് ടെസ്റ്റ്& പരിഹാരബോധനം | സ്കൂൾ ഗണിത മേള സെപ്റ്റംബർ 5- Teachers day<br>കുട്ടി ടീച്ചർ മത്സരം |
| **OCTOBER** | Vol 2 പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& പരിഹാര ബോധനം | ബ്രിഡ്ജ്- വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ , ക്ലാസ് ടെസ്റ്റ്& പരിഹാര ബോധനം | Vol 2 പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& പരിഹാരബോധനം | സബ്ജില്ലാ ഗണിത മേളയ്ക്ക് കുട്ടികളെ സജ്ജമാക്കുക. |

| | | | | |
|---|---|---|---|---|
| **NOVEMVER** | **Vol2** പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ്& പരിഹാര ബോധനം | **Vol 2** പാഠഭാഗങ്ങൾ , ക്ലാസ് ടെസ്റ്റ്& പരിഹാരബോധനം | **Nov 4 maths quiz** (ശകുന്തള ദേവി) |
| **DECEMBER** | **Vol2** പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& പരിഹാര ബോധനം അർദ്ധ വാർഷിക പരീക്ഷ **&PTM** | വൃത്ത ഭാഗങ്ങൾ, അർത്ഥ വാർഷിക പരീക്ഷ **&PTM** | **Vol2** പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു ,അർദ്ധ വാർഷിക പരീക്ഷ **&PTM** | ദേശീയ ഗണിത ദിനം **(Dec22)** ആഘോഷം |
| **JANUARY** | **Vol 2** പാഠഭാഗങ്ങൾ , ക്ലാസ് ടെസ്റ്റ്& പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം , ക്ലാസ് ടെസ്റ്റ്& പരിഹാര ബോധനം | റിവിഷൻ ക്ലാസുകൾ, ടെസ്റ്റ് പേപ്പറുകൾ | പോസ്റ്റർ നിർമ്മാണം **(Maths for nation building )** |
| **FEBRUARY** | **Vol 2** പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& റിവിഷൻ | അനുപാതം , സ്ഥിതിവിവര കണക്ക്, ക്ലാസ് ടെസ്റ്റ്& റിവിഷൻ | റിവിഷൻ , മോഡൽ പരീക്ഷ **&PTM** | |
| **MARCH** | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | എസ്എസ്എൽസി വിദ്യാർത്ഥികൾക്ക് തിരിഞ്ഞുനോട്ടം |

## പ്രവർത്തനം- വിശദാംശങ്ങൾ
## ഇംഗ്ലീഷ് ഭാഷ പഠനം
## പ്രവർത്തനം - 1-ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം | 1. ഇംഗ്ലീഷ് ക്ലാസ് ഇംഗ്ലീഷിൽ തന്നെ കൈകാര്യം ചെയ്യൽ<br>2. ഇംഗ്ലീഷ് ക്ലാസിലെ പ്രവർത്തനം കാര്യക്ഷമമാക്കൽ<br>3. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി ഓരോ ക്ലാസിനും ചുമതല<br>4.സ്കൂൾ അധികസമയം കണ്ടെത്തി വ്യാകരണ പഠനം<br>5.ഇംഗ്ലീഷ് ന്യൂസ് റീഡിങ് | എല്ലാ ക്ലാസും<br>ആഴ്ചയിൽ 1 ദിവസം<br>ആഴ്ചയിൽ 1 ദിവസം<br>ആഴ്ചയിൽ 3 ദിവസം<br>ആഴ്ചയിൽ1 ദിവസം | ബന്ധപ്പെട്ട ടീച്ചർ<br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br>പഠിപ്പിക്കുന്ന ടീച്ചർ<br>പഠിപ്പിക്കുന്ന ടീച്ചർ | സ്റ്റാഫ് ഫണ്ട് |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ അവസരം ഒരുക്കുക | ദൈനംദിന ക്ലാസ് റൂം സംഭാഷണങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ, സ്കിറ്റുകൾ, അഭിനയിക്കാനുള്ള അവസരം ഒരുക്കുക, സംവാദം, പ്രസംഗം | എല്ലാ ക്ലാസും | പഠിപ്പിക്കുന്ന ടീച്ചർ | സ്റ്റാഫ് ഫണ്ട് |
| ഇംഗ്ലീഷ് സാഹിത്യ ആസ്വാദനം വളർത്തുക | ഇംഗ്ലീഷ് സിനിമ കാണാനുള്ള അവസരം ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ഡേ തുടങ്ങിയ പരിപാടികൾ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാല നടത്തുക | എല്ലാ ക്ലാസും | പഠിപ്പിക്കുന്ന ടീച്ചർ | സ്റ്റാഫ് ഫണ്ട് |

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം | വിവിധ തൊഴിൽ മേഖലകളെ കുറിച്ച് അവബോധം നേടുക, തങ്ങൾക്ക് ഇഷ്ടപ്പെട്ട മേഖല തിരിച്ചറിയുക | എല്ലാ ക്ലാസും | ബന്ധപ്പെട്ട ടീച്ചർ | സ്റ്റാഫ് ഫണ്ട് |
| തൊഴിൽ | തൊഴിൽ | | | |

| | | | | |
|---|---|---|---|---|
| നൈപുണി താല്പര്യം വളർത്തൽ | മനോഭാവം, ആഭിമുഖ്യം, ആദരവ്, നൈപുണി എന്നിവ വികസിപ്പിക്കുന്നതിന് ആവശ്യമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക ICTപ്രയോജനപ്പെടുത്തി തൊഴിൽ രംഗത്തുള്ള നൂതന സാധ്യതകൾ വിവിധ വിഷയങ്ങളുമായി ഉദ്ഗ്രഥിച്ച് വിനിമയം ചെയ്യാനുള്ള നൈപുണി | ആഴ്ച തോറും എല്ലാ ക്ലാസും ആഴ്ച തോറും | ബന്ധപ്പെട്ട ടീച്ചർ | സ്റ്റാഫ് ഫണ്ട് |
| കലാ വിദ്യാഭ്യാസം കലാഭിരുചി വളർത്തൽ | ക്ലാസ് തലത്തിൽ സർഗാത്മക കഴിവുകൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. വിവിധ കലാകാരന്മാരെ പരിചയപ്പെടാനും സംവദിക്കാനും അവസരം ഉണ്ടാക്കിയെടുക്കുന്നു. കലാഭരുചി വളർത്തൽ, പാഠഭാഗം വിവിധ കലകളുമായി ചിട്ടപ്പെടുത്തി അവതരിപ്പിക്കൽ | മാസംതോറും | ബന്ധപ്പെട്ട ടീച്ചർ | സ്റ്റാഫ് ഫണ്ട് |
| കായിക ആരോഗ്യ വിദ്യാഭ്യാസം കായിക ആരോഗ്യ ക്ഷമത ഉറപ്പാക്കൽ | *കുട്ടികളെ വിവിധ കളികൾ ,വ്യായാമം എന്നിവ അധ്യാപകർ പരിശീലിപ്പിക്കുക. ക്യാമ്പസിനെ മാലിന്യമുക്തമാക്കാൻ ഹരിതാഭമാക്കൽ എന്നീ | എല്ലാ ക്ലാസും | അധ്യാപകർ PTA, MPTA | |

| | | | | |
|---|---|---|---|---|
| | പ്രവർത്തനങ്ങൾ സ്കൂളിൽ നടപ്പാക്കൽ. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഇതിനായി പ്രയോജനപ്പെടുത്തുക. *കുട്ടികൾക്ക് മാനസിക ഉല്ലാസം ഉറപ്പാക്കാനും സമ്മർദ്ദം ,ആകാംക്ഷ പിരിമുറക്കം, എന്നിവയിൽ നിന്ന് മോചിതമാക്കുന്നതിന് സൂംമ്പ ഡാൻസ് നിത്യവും പരിശീലിപ്പിക്കുക | | അധ്യാപകർ **School Councillor** | സ്റ്റാഫ് ഫണ്ട് |